"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ മൂന്ന് ടൂറിസ്റ്റ് ഓഫീസർ തസ്തികകൾ അബോളിഷ് ചെയ്തുകൊണ്ട് ഒരു ലെയ്സൺ ഓഫീസർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(കൈ) നം.15/2025/TSM തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:- 1. സ.ഉ(കൈ)നം..311/2014/TSM തീയതി 11.11.2014

2. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 03.08.2023-ലെ KTDC/PA3/LOCR/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഒഴിഞ്ഞു കിടക്കുന്ന മൂന്ന് ടൂറിസ്റ്റ് ഓഫീസർ തസ്തികളിൽ ഒരു ടൂറിസ്റ്റ് ഓഫീസർ തസ്തിക മാറ്റിക്കൊണ്ട് 27,800-59,400/- രൂപ ശമ്പള സ്കെയിലിൽ ഒരു ലെയ്സൺ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിന് കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഒഴിഞ്ഞു കിടക്കുന്ന മൂന്ന് ടൂറിസ്റ്റ് ഓഫീസർ തസ്തികകൾ അബോളിഷ് ചെയ്തു കൊണ്ട് 27,800-59,400/- രൂപ ശമ്പള സ്കെയിലിൽ ഒരു ലെയ്സൺ ഓഫീസർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ പ്രകാരം ലെയ്സൺ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനനുസൃതമായ ഭേദഗതികൾ, പരാമർശം (1) പ്രകാരമുള്ള Recruitment (Qualification & Method of Appointment) Regulations of Kerala Tourism Development Corporation Ltd 2014- ൽ വരുത്തേണ്ടതാണ്. പ്രസ്തുത തസ്തികയിലേക്കുള്ള യോഗ്യതകൾ, നിയമന രീതി എന്നിവ സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ് പാർക്ക് വ്യൂ, തിരുവനന്തപുരം- 695 033.

മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1/ഓഡിറ്റ് 2), കേരള, തിരുവനന്തപുരം
പൊതുഭരണ ( എസ്.സി) വകുപ്പ് (17.07.2025-ലെ ഇനം-3132 പ്രകാരം)
ധനകാര്യ (പി.യു-സി) വകുപ്പ്. (11.04.2025 ലെ 2716276/പി.യു-സി3/31/2024-ധന അഭിപ്രായം പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ (ബിപിഇ) വകുപ്പ്. (13.12.2023 ലെ PLGEA-BPE2/257/2023-PLGEA അഭിപ്രായം പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Archana T**
**Date: 19-07-2025 16:36:52**

സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 17-07-2025**

ഫയൽ നം. ടൂർ-ബി1/148/2023/ടൂർ. ഇനം നം: 3132

വിഷയം : വിനോദസഞ്ചാര വകുപ്പ് - കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ മൂന്ന് ടൂറിസ്റ്റ് ഓഫീസർ തസ്തികകൾ അബോളിഷ് ചെയ്തു കൊണ്ട് ഒരു ലെയ്സൺ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.

3132

## കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ | : ടൂർ–ബി1/148/2023–ടൂർ |
| 2. | വകുപ്പ് | : വിനോദ സഞ്ചാര (ബി) വകുപ്പ് |
| 3. | വിഷയം | : കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ മൂന്ന് ടൂറിസ്റ്റ് ഓഫീസർ തസ്തികകൾ അബോളിഷ് ചെയ്തു കൊണ്ട് ഒരു ലെയ്സൺ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയിതി | : 09-06-2025 |
| 5. | (എ) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ<br><br>(ബി) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ | : അതെ<br><br>: അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ.ജഗദീശ് ഡി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീ.കെ ബിജു. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 02-07-2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 05-07-2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 08-07-2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 10-07-2025 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും. | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ മൂന്ന് ടൂറിസ്റ്റ് ഓഫീസർ തസ്തികകൾ അബോളിഷ് ചെയ്തു കൊണ്ട് 27,800-59,400 രൂപ ശമ്പള സ്കെയിലിൽ ഒരു ലെയ്സൺ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 25.07.2023 ൽ ചേർന്ന കെ.ടി.ഡി.സി യുടെ 325 ാംമത് ഡയറക്ടർ ബോർഡ് യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഒരു ടൂറിസ്റ്റ് ഓഫീസർ തസ്തിക മാറ്റിക്കൊണ്ട് ഒരു ലെയ്സൺ ഓഫീസർ തസ്തിക 27,800-59,400 രൂപ ശമ്പള സ്കെയിലിൽ, ചുവടെ പറയുന്ന യോഗ്യതകൾ, പ്രവർത്തിപരിചയം, നിയമനരീതി എന്നിവയോടെ സൃഷ്ടിക്കുന്നതിന് കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായി.

**Qualifications:**

(a) Graduation in any discipline from a recognized University

(b) Master of Business Administration in Human Resources Management & Marketing from a recognized University

(c) Ability to speak fluently in English and Malayalam.

**Experience**

Minimum 5 Years experience in Guest relation / Office functioning (Regular or Contract) in a PSU.

**Method of Appointment**

(i) Appointment by Transfer (ABT) from qualified employees in the service of KTDC who are approved probationers in the initial appointment.

(ii) In the absence of internal employees by direct recruitment through KPSC.

3. മേൽ ശിപാർശയിന്മേൽ, ആസൂത്രണ സാമ്പത്തിക കാര്യ (ബിപിഇ) വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

'The Administrative Department is informed that this Department has no objection in the proposal to create a post of Liaison Officer in KTDC by converting one post of Tourist Officer subject to approval of the Finance Department. Regarding the qualifications prescribed, it is suggested that (b) may be changed as Master of Business Administration in Human Resources Management or in Marketing from a recognized University or Institute of repute (through regular course).'

4. അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിന് നൽകിയപ്പോൾ, പ്രസ്തുത വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:-

' Finance concur the proposal of AD for the creation of one post of Liaison Officer in the pay scale of ₹27,800-59,400/- subject to the following conditions:

1. The 3 posts of Tourist Officer (Tourism) lying vacant for years should be abolished.

2. The post of Liaison Officer should be sanctioned in KTDC for which necessary amendments/ insertion should be made in the Recruitment (Qualification & Method of Appointment) Regulations of KTDC Ltd 2014.

3. The qualification of the newly proposed post of Liaison Officer should be as suggested by Plg (BPE) Dept. The experience and method of appointment shall be same as that suggested by AD/KTDC'.

5. ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ മൂന്ന് ടൂറിസ്റ്റ് ഓഫീസർ തസ്തികകൾ അബോളിഷ് ചെയ്തു കൊണ്ട് 27,800–59,400 രൂപ ശമ്പള സ്കെയിലിൽ ഒരു ലെയ്സൺ ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ മൂന്ന് ടൂറിസ്റ്റ് ഓഫീസർ തസ്തികകൾ അബോളിഷ് ചെയ്തു കൊണ്ട് ഒരു ലെയ്സൺ ഓഫീസർ തസ്തിക സൃഷ്ടിക്കാവുന്നതാണോ?